കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടയൂർ ഗ്രാമപഞ്ചായത്ത് 2015-16

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാനഓഡിറ്റ്
മലപ്പുറംജില്ലാ
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 13/3022/216

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

മലപ്പുറം ജില്ല

തീയതി16.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

എടയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടയൂർ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.എം.പി.എം.13/3022/2016 തിയ്യതി 16.12.2016

മലപ്പുറംജില്ലയിലെ എടയൂർഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറംജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2015 മുതൽ 10.10.2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.എസ്.ഷാജഹാൻ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14.10.2016മുതൽ 24.10.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | അബ്ദുൽ ഗഫൂർ.സി | അസി.ഓഡിറ്റ് ഓഫീസർ |
| | | മൂസ്സ.ഇ | അസി.ഓഡിറ്റ് ഓഫീസർ |
| | | ആലസ്സൻകുട്ടി.യു | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീമതി<br>കെ.സി.സാജിത | 1.4.2015മുതൽ 31.10.2015വരെ |

| | | | |
|---|---|---|---|
| | | അഡ്മിനിസ്ട്രേറ്റീവ് സമിതി | 1.11.15 മുതൽ 18.11.1.5വരെ |
| | | ശ്രീ.കെ.കെ.രാജീവ് | 19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | : | ശ്രീ.കെ രവീന്ദ്രൻ | 1.4.2015മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| കൃഷി ഓഫീസർ | | സുനിൽ വർഗ്ഗീസ് | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | ഡോ.ആലിയാമ്മ<br>ഡോ. ശ്രീകുമാരൻ | 1.4.2015-23.5.2015(FN)<br>23.5.2015(AN)-31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ.ഹൈദർ അലി | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | ഡോ. അസൈനാർ | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്റിനറി സർജൻ | | ഡോ.മിഷാനാഥ്<br>ഡോ. മിഥുൻ | 1.4.2015-3.1.2016<br>4.1.2016-31.3.2016 |
| ഹെഡ്മിസ്ട്രസ്സ് | | ഉഷ | 1.4.2015മുതൽ 31.3.2016 വരെ |
| ഐ.സി,ഡി.എസ് സൂപ്പർവൈസർ | | ശൈലജ | 1.4.2015മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | | തങ്കരാജ്<br>അജയകുമാർ | 1.4.2015-31.10.2015<br>1.11.2015-31.3.2016 |
| അസി.സെക്രട്ടറി | | രശ്മി<br>സ്മിത | 1.4.2015-18.8.15<br>20.8.15-31.8.15 |

| | | | | |
|---|---|---|---|---|
| | | | ഷംന<br>ശ്രീദേവി അമ്മ | 3.10.15-7.11.15<br>23.11.15-31.3.2016<br>(19.8.15, 1.9.15-2.10.15, 8.11.15-22.11.15 ഒഴിവ്) |
| അസി.എഞ്ചിനീയർ | | | എം.കെ ഗോപാലൻ | 1.4.2015മുതൽ 31.3.2016 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത്<br>വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ബിൽഡിംഗ് പെർമിറ്റ് ഫീസ് കുറവായി ഈടാക്കി | 2-1 | |
| 13 | തൊഴിൽ നികുതി പരിശോധന അപാകതകൾ | 2-2 | |
| 14 | D&O ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 2-3 | |
| 15 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല | 2-4 | |
| 16 | രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-5 | |
| 17 | പണം പിൻ വലിക്കൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-6 | |
| 18 | വരവിനങ്ങളുടെ പുരോഗതി | 2-7 | |
| 19 | 2015-16 ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം | 2-8 | |
| | ഭാഗം 3 | | |
| 20 | കേരള റൂറൽ എംപ്ളോയ്മെന്റ് ആൻറ് വെൽഫെയർ സൊസൈറ്റി (KREWS) വരിസംഖ്യ 2 പ്രാവശ്യം പിൻവലിച്ചത്-സംബന്ധിച്ച് | 3-1 | |
| 21 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു | 3-2 | |
| 22 | പന്തപ്പുറം റോഡ് അഭിവൃദ്ധിപ്പെടുത്തൽ; പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ | 3-3 | |
| 23 | ഗവ: ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -അപാകതകൾ | 3-4 | |
| 24 | പരിരക്ഷ – മാർഗ്ഗരേഖ പാലിക്കാതെ ചെലവ് ചെയ്യുന്നു | 3-5 | |
| 25 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-6 | |
| 26 | പദ്ധതി നിർവ്വഹണം-അവലോകനം | 3-7 | |
| 27 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ. ചീഫ് | 3-8 | |

| | | | |
|---|---|---|---|
| | എഞ്ചിനീയറുടെ നിർദ്ദേശം പാലിക്കുന്നില്ല | | |
| 28 | ബഡ്സ് സ്കൂളിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമായ വാഹനം ഉപയോഗിക്കുന്നില്ല. വാഹന വാടക ഇനത്തിൽ 58800രൂപയുടെ അനാവശ്യ ചെലവ് | 3-9 | |
| 29 | ഭവന നിർമ്മാണം; 190000 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയതില്ല | 3-10 | |
| 30 | ഭവന നിർമ്മാണം പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 3-11 | |
| 31 | നിർവ്വഹണ ഉദ്യോഗസ്ഥൻ ഫണ്ടുകൾ വക മാറ്റി ചെലവഴിക്കുന്നു | 3-12 | |
| 32 | അസിസ്റ്റന്റ് എഞ്ചിനീയർ. പദ്ധതി നിർവ്വഹണം ഒരു വിശകലനം | 3-13 | |
| 33 | തൊഴുത്ത് നിർമ്മാണം . പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-14 | |
| | ഭാഗം 4 | | |
| 34 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 | |
| 37 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം. | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 | Annexure | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) |
|---|---|
| 1/25.3.2015 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക | ഓഡിറ്റിന് | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| വർഷം | ലഭിക്കേണ്ട തീയതി | |
| 2015-16 | 31.07.2016 | 26.7.2016(AIMS)<br>8.9.2016(Hard copy) |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധന കുറിപ്പ് അപാകതകൾ

1. *വസ്തുനികുതി, തൊഴിൽ നികുതി,D&O ലൈസൻസ് ഫീ എന്നിവയുടെ തൻവർഷ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.*

2. *എം.ജി.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിലെ ഇ.എഫ് എം.എസ് പ്രകാരമുള്ള* യഥാർത്ഥ വരവ് 9898885 രൂപയാണ്. *എന്നാൽ വാർഷിക കണക്കിൽ 10603249രൂപയാണ് ഇ.എഫ് എം.എസ് വരവായി ഉൾപെടുത്തിയിട്ടുള്ളത്.*

3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ആതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള (ഷെഡ്യൂൾ B7) തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

4.അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ തുകയൊന്നും ലഭിക്കാനില്ല. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം (ഷെഡ്യൂൾ B-18) 17200രൂപ ബാലൻസ് ഉണ്ട്.

ഷെഡ്യൂൾ B-18പ്രകാരമുള്ള മറ്റ് അഡ്വാൻസ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. ബി ഫണ്ട് ഇനത്തിലുള്ള വരവ് തുകകൾ ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | AFS പ്രകാരം | ACRപ്രകാരം |
|---|---|---|
| ആയുർവ്വേദം | 13441 | 11084 |
| തൊഴിൽരഹിത വേതനം | 130320 | 91080 |
| വാർദ്ധക്യ കാല പെൻഷൻ | ഉൾപെടുത്തിയിട്ടില്ല | 11523720 |
| കൃഷി | 85000 | ACR, അലോട്ട്മെന്റ് ലെറ്റർ എന്നിവ ലഭ്യമാക്കിയില്ല |
| പട്ടികജാതി വകുപ്പ് | 263961 | ,, |
| മറ്റ് സ്കീമുകൾ (Code 160100699) | 95625 | ,, |
| മറ്റ് ഗ്രാന്റ് വരവുകൾ (Code 160100799) | 51750 | ,, |

6.A,C, ലോക ബാങ്ക്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങലിലുള്ള വരവ് തുകകൾ ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | AFS പ്രകാരം | ACRപ്രകാരം |
|---|---|---|
| VPFA-IIA | 5198456 | 19140154 |
| VPFA- SCP | 2738109 | 4160658 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 2789960 | 4539999 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 1083132 | 3186999 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5207320 | 5935301 |

7. RP-4, RP-5 എന്നീ ഷെഡ്യൂളുകളിലെ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

8. EMS ലോൺ ഔട്സ്റ്റാന്റിങ് തുക രജിസ്റ്റർ പ്രകാരം 868415 രൂപയാണ്. എന്നാൽ AFS പ്രകാരം(ഷെഡ്യൂൾ B-5) തുക 716915 രൂപയാണ്. എന്നാൽ ബാങ്ക് പാസ്ബുക്ക് പ്രകാരം തുക 874415 രൂപയാണ്.

9. കേരള ഗ്രാമീൺ ബാങ്കിൽ (അക്കൗണ്ട് നമ്പർ 401961100107272) പാസ്ബുക്ക് പ്രകാരം 1.8.2015 ൽ വരവ് വന്ന 10002രൂപയും, 1.2.2016 ൽ വരവ് വന്ന 10366 രൂപയും വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല.

10. കേരള ഗ്രാമീൺ ബാങ്കിൽ (അക്കൗണ്ട് നമ്പർ 40647101004979) പാസ്ബുക്ക് പ്രകാരം 1.2.2016 ൽ വരവ് വന്ന 17216 രൂപ വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല.

11. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയിൽ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ പാസാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കണക്കുകൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

12. ബാങ്ക് ബുക്ക്, ACR, റീകൺസിലിയേഷൻ പത്രിക എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുൻ ബാക്കി 26244624

വരവ് 34049378

ആകെ 60294002

ചെലവ് 44781676

നീക്കി ബാക്കി 15512326

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പ്രകാരം) |
| വികസനഫണ്ട് പൊതുവിഭാഗം | 2917943 | 19140154 | 22058097 | 12559365 | 9498732 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1226623 | 4160658 | 5387281 | 3511390 | 1875891 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5000 | 5000 | 5000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 484219 | 4539999 | 5024218 | 3661413 | 1362805 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2503335 | 3186999 | 5690334 | 2715014 | 2975320 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 906140 | 5935301 | 6841441 | 5140882 | 1700559 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3435502 | 0 | 3435502 | 1762082 | 1673420 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 10281562 | 10281562 | 10279792 | 5570 | 0 |
| ബി.ഫണ്ട് | | 26989752 | 26989752 | 26989752 | | |

## 1-6. പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 59812805 | 145 | 35931563 | - | 40 | 78.3 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3032451 | 2587173 | 445278 | (-)14.68% |
| നികുതിയേതര വരവുകൾ | 531168 | 511081 | 20087 | (-) 3.78% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) പലിശ | 17284 | 44425 | 27141 | (+ ) 1.57% |
| ആകെ | 3580903 | 3142679 | 438224 | (-) 12.24% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 130320 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 1743030 | 222 |
| വിധവാപെൻഷൻ | 9923480 | 1058 |
| വാർദ്ധക്യകാലപെൻഷൻ | 11523720 | 1696 |
| വികലാംഗപെൻഷൻ | 2723945 | 379 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 325480 | 32 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.26258 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ,വസ്തു നികുതി ഡിമാൻറ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.9.2016 | 8/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയില്ല | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ ബിൽഡിംഗ് പെർമിറ്റ് പരിശോധനയിൽ താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല.കാരണം വിശദീകരിക്കേണ്ടതാണ്.

| ഉടമ | വിസ്തീർണ്ണം/ തരം | ഈടാക്കേണ്ടത് (രൂപ ) | ഈടാക്കിയത്(രൂപ ) | കുറവ് |
|---|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ | 150.90 m2 വാണിജ്യം | 150.23*5=751 | 468 (Rt.No.11502103767/1-3-1) | 283 |

| | | | | |
|---|---|---|---|---|
| ശ്രീ.മുഹമ്മദ് റഷീദ് | 364.23 m2<br>വാസ ഗൃഹം | 364.23*3=1093 | 492<br>(Rt.No.11502103702/26-2-16) | 601 |
| ശ്രീ.സൈതലവി | 486.39 m2<br>വാണിജ്യം | 486.39*5=2432 | 1535<br>(Rt.No.11502103632/22-2-16) | 897 |
| ശ്രീ.അലി | 864.92 m2<br>വാണിജ്യം | 864.92*5=4325 | 2762<br>(Rt.No.11502103633/22-2-16) | 1563 |
| ആകെ | | | | 3344 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/20-10-16ക്ക് മറുപടി നൽകിയിട്ടില്ല.ആയതിനാൽ പ്രസ്തുത തുക 3344 ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ തൊഴിൽ നികുതി പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണകയുണ്ടായി കാരണം വിശദീകരിക്കേണ്ടതാണ്

1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുകയോ കാരണം വിശദീകരിക്കുകയോ ചെയ്തിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| കേരളാ ഗ്രാമീൺ ബാങ്ക് എടയൂർ | 2015-16 -രണ്ട് |
| മാവേലി സ്റ്റോർ | 2015-16 -ഒന്ന്,രണ്ട് |

2)സ്ഥാപന തൊഴിൽ നികതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള സ്ഥാപന തൊഴിൽ നികതി ഈടാക്കിയില്ല. വിശദ വിവരം താഴെ

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| കേരളാ ഗ്രാമീൺ ബാങ്ക് എടയൂർ | 2015-16 -രണ്ട് |
| മാവേലി സ്റ്റോർ | 2015-16 -ഒന്ന്,രണ്ട് |
| വടക്കുംപുറം സർവ്വീസ് സഹകരണ ബാങ്ക് | 2015-16 -ഒന്ന്,രണ്ട് |
| കൊച്ചിൻ കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആന്റ് ടെക്ക്നോളജി | 2015-16 -ഒന്ന്,രണ്ട് |

| | |
|---|---|
| സഫകോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് | 2015-16 -ഒന്ന്,രണ്ട് |
| കെ.എസ്. ഇ.ബി | 2015-16 -ഒന്ന്,രണ്ട് |

3)മിനിമം വേതനം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ സർക്കാർ ഉത്തരവ് നം.എം.എസ്36/11/Gen.Edn. തിയതി14-2-2011 പ്രകാരമുള്ള മിനിമം വേതനം ഉറപ്പ് വരുത്തുന്നില്ല.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം/ഉദാഹരണം |
|---|---|
| കൊച്ചിൻ കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആന്റ് ടെക്ക്നോളജി | 85,ഉദാഹരണം-അസി.പ്രഫസറുടെ പ്രതിമാസ ശമ്പളം 13,000 |
| സഫകോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് | 55,ഉദാഹരണം-അസി.പ്രഫസർയലക്ച്ചർ പ്രതിമാസ ശമ്പളം,7450 |
| എം.ഇ.ടി. സ്കൂൾ. കൊളമംഗലം | 75,ഉദാഹരണം.അസി.ടീച്ചറുടെ പ്രതിമാസ ശമ്പളം 4000 |
| ഡൽഹി ഇന്റർ നാഷണൽ സ്കൂൾ വളാഞ്ചേരി | 38,ഉദാഹരണം.അസി.ടീച്ചറുടെ പ്രതിമാസ ശമ്പളം 2900 |
| സഫ ഇംഗ്ലീഷ് സ്കൂൾ പൂക്കാട്ടിരി | 55,അസി.ടീച്ചറുടെ പ്രതിമാസ ശമ്പളം 3000 |
| ഐ.ആർ.എച്ച്.എസ്.എസ് പൂക്കാട്ടിരി | 40,ഉദാഹരണംഅസി.ടീച്ചറുടെ പ്രതിമാസ ശമ്പളം 4900 |

ഈ വിഷയം ഉന്നയിച്ച് നൽകിയഓഡിറ്റ് എൻക്വയറി (നമ്പർ 13/20-10-16) ക്ക് മറുപടി നൽകിയിട്ടില്ല.

## 2-3 D&O ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ D&O ലൈസൻസ് ഫീസ് പിരിവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .കാരണം വിശദീകരിക്കേണ്ടതാണ്.

1) 2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് 132 വാണിജ്യ സ്ഥാപനങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് സ്ഥാപനം നോട്ടീസ് നൽകുകയോ D&O ലൈസൻസ് ഫീസ്,തൊഴിൽ നികുതി എന്നിവ ഈടാക്കുകയാ ചെയ്തിട്ടില്ല.

2)മിക്ക സ്ഥാപന ഉടമകളും അപേക്ഷകളിൽ വിറ്റ് വരവ് രേഖപ്പെടുത്തുന്നില്ല.ആയതിനാൽ യഥാർത്ഥ വിറ്റ് വരവിന്റെയടിസ്ഥാനത്തിൽ D&O ലൈസൻസ് ഫീസ് നിർണ്ണയിക്കാനും പിരിച്ചെടുക്കാനും സാധിച്ചിട്ടില്ല.

3)ചില അപേക്ഷകളിൽ അന്വേഷണ ഉദ്യേഗസ്ഥൻ റിപ്പാർട്ട് തയ്യാറാക്കിയിട്ടില്ല.

4)ചില അപേക്ഷകളിൽ അന്വേഷണ ഉദ്യേഗസ്ഥന്റെ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) താഴെ പറയുന്ന സ്ഥാപന ഉടമകളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം17 പട്ടിക III

പ്രകാരമുള്ള വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കി.

| ഉടമ | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീ.അബൂബക്കർ 9/54A | 130 HP | 2000 | 1300 Rt.No11302101856/29-9-15 | 700 |
| ശ്രീ.അർജുൻ6/329 | 50 HP | 500 | 200 Rt.No.11502102142/14-10-15 | 300 |
| | | | ആകെ | 1000 |

6)AFS പ്രകാരമുള്ള 2015-16 D&O ലൈസൻസ് ഫീസ് ഡിമാന്റ് 8620 രൂപയാണ് എന്നാൽ AFS പ്രകാരമുള്ള വരവ് 72195 രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല. D&O ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കി വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/21-10-16 ന് മറുപടി നൽകിയിട്ടില്ല .ആയതിനാൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നഷ്ടത്തുക 1000 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-4 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ ചട്ടം 26(1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ,ആക്ടിലെ 207 വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവു വിളക്കുകളും ഡ്രൈനേജും സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ,ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തെരുവ് വിളക്ക് ജലവിതരണം എന്നീ സേവനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഇത്തരത്തിലുള്ള നികുതികൾ ചുമത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലോ ഭരണസമിതിയുടെ ഭാഗത്തുനിന്നോ യാതൊരു നടപടിയും കൈകൊണ്ടിട്ടില്ല. അതുപോലെ പരസ്യ നികുതി ചുമത്തുന്നതായി കാണുന്നില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതികൾ ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

## 2-5 രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.കാരണം വിശദീകരിക്കേണ്ടതാണ്.

1) രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ രശീതി ബുക്കുകൾ അവയുടെ ക്രമ നമ്പർ പ്രകാരമല്ല ജീവനക്കാർക്ക് ഇഷ്യു ചെയ്യുന്നത്.

2)മിക്ക രസീതികളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി ,സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)പ്രിന്റർ തകരാറുമൂലം ക്യാൻസൽ ചെയ്ത ശ്രീ.പ്രകാശൻ &ജിഷ എന്നവരുടെ 5-4-16 ലെ 11602100206 നമ്പർ

രശീതി പ്രകാരം പിരിച്ചെടുത്ത 620 രൂപ പിന്നീട് വരവ് വെച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/21-10-16 ന് മറുപടി നൽകിയിട്ടില്ല, അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും 620 രൂപ അടവാക്കാതിരുന്നതിന്റെ കാരണം ആദ്യ മറുപടിയിൽതന്നെ വിശദീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-6 പണം പിൻ വലിക്കൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ പണം പിൻവലിക്കൽപരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2015 സെപ്റ്റംപർ മാസംVPFA 111-4 നിന്നും അസി.എഞ്ചിനിയർക്ക് പിൻ വലിച്ച് നൽകിയ103281 രൂപ 2015 ഡിസംബർ മാസത്തിൽമാത്രമാണ് ബുക്ക് ചെയ്യുന്നത്

2)VPFA11യിൽ നിന്നും പേ മെന്റ് ഓർഡർ നൽകിയ1,05,000.1; 10,000എന്നിവ റിക്കൺസിൽ ചെയ്തിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/21-10-16ക്ക് മറുപടിക്ക് നൽകിയിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 2-7 വരവിനങ്ങളുടെ പുരോഗതി

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ വരവിനങ്ങളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.കാരണം വിശദീകരിക്കേണ്ടതാണ്.

1) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രൊഫോർമ പ്രകാരം വസ്തു നികുതി തൻവർഷ ഡിമാന്റ് 2316420 രൂപയാണ് എന്നാൽ AFS പ്രകാരം തൻവർഷ ഡിമാന്റ്1735539 (1675492+60047)രൂപയാണ്.ഡിമാന്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

2)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യ പ്പെടുത്തിയിട്ടില്ല.

3)D & Oലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യ പ്പെടുത്തിയിട്ടില്ല.AFS പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

4) 2015-16-വർഷത്തിൽ 28 അനധികൃത കെട്ടിടങ്ങൾ ക്രമ വൽക്കരണം നടത്തിയിട്ടുണ്ടങ്കിലും അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഫീൽഡ് സ്റ്റാഫിനെ നിയോഗിച്ചതിന്റെ ഓഫീസ് ഉത്തരവോ ഉണ്ടായിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട്ചെയ്യുന്നതിന് ഉചിതമായ സംവിധാനം ഒരുക്കേണ്ടതാണ്.

## 2-8 2015-16 ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം

2015-16 ലെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം

കാണുന്നു. വിശദവിവരം ചുവടെ

| ക്രമ നം | ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻറ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി | 3100000 | 1735539 | 1364461 |
| 2 | തൊഴിൽ നികുതി | 1500000 | 1157210 | 342790 |
| 3 | D&O | 141000 | 8620 | 132380 |
| 4 | പെർമിറ്റ് ഫീ | 339000 | 143769 | 195231 |
| 5 | | | | |

ബജറ്റ് നിർദ്ദേശത്തേക്കാളും വളരെ കുറഞ്ഞ തുകയാണ്.ഡിമാന്റായി ഉൾപ്പെടുത്തുന്നത്.ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് തയ്യാറാക്കുന്നത് എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്.ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നരീതിയിൽ തയ്യാറാക്കേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കേരള റൂറൽ എംപ്ളോയ്മെന്റ് ആൻറ് വെൽഫെയർ സൊസൈറ്റി (KREWS) വരിസംഖ്യ 2 പ്രാവശ്യം പിൻവലിച്ചത്-സംബന്ധിച്ച്

കേരള റൂറൽ എംപ്ളോയ്മെന്റ് ആൻറ് വെൽഫെയർ സൊസൈറ്റി (KREWS)വരിസംഖ്യ അടവാക്കുന്നതിനായി ട്രഷറി ചെക്ക് നം 3203230/18.6.15(വൗച്ചർ നം.21500156/18.6.15), സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വടക്കുംപുറം ചെക്ക് നം 24210/19.9.15 എന്നിവ പ്രകാരം 2000 രൂപ വീതം പിൻവലിച്ചിട്ടുണ്ട്. അധികമായി 2000 രൂപ പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.11 തീയ്യതി 20.10.16 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

.

### 3-2 രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു

മഴപ്പൊലിമ പദ്ധതിക്കായി (പ്രൊജക്ട് നം. 138/2016) 100000 രൂപ ചെക് നം 023741/13.5.15 (വൗച്ചർ നം.21500128/16.6.15) പ്രകാരം പിൻവലിച്ചിട്ടുണ്ട്.പ്രൊജക്ട്, ചെലവ് വൗച്ചർ എന്നിവ പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.12 തീയ്യതി 20.10.2016 ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 3-3 പന്തപ്പുറം റോഡ് അഭിവൃദ്ധിപ്പെടുത്തൽ- പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട്. S139/16പന്തപ്പുറം റോഡ് അഭിവൃദ്ധിപ്പെടുത്തൽ. (തനത് ഫണ്ട് 150000)

കരാറുകാരൻ. അബ്ദുൽ കരീം .പി.പി

ഡി.ഡി. 394371/23.7.2015 തുക. 149985

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പന്തപ്പുറം റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തി യുടെ ഭാഗമായി റോഡ് സൈഡ് കെട്ടൽ ഫൗണ്ടേഷൻ കഴിഞ്ഞ് മുകളിലേക്കുള്ള മൂന്ന് സ്റ്റേജ് പ്രവൃത്തി നടത്തിയത് പൊതു അവധി ദിവസവും, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അഭാവത്തിലും ആണെന്നും ആയതിനാൽ പ്രവൃത്തിയുടെ ഗുണനിലവാരം അളവ് എന്നിവ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല എന്നും പ്രവൃത്തി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിധ്യത്തിൽ പുനർ നിർമ്മിക്കേണ്ടതാണെന്നും കാണിച്ച് AE/EDR/01/14-15 dt 16.4 15 നമ്പറായി കരാറുകാരൻ ശ്രീ അബ്ദുൽ കരീം.പി.പി എന്നയാൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിധ്യത്തിൽ പ്രവൃത്തി വീണ്ടും ചെയ്തതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപ്രകാരം പ്രവൃത്തിചെയ്യാതെ കരാറുകാരന് ബിൽതുക നൽകിയത് ക്രമപ്രകാരമല്ല. ചെലവ് തുക 149985ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2. മേൽ പരാമർശിച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.12.2014 ആണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 30.04.2015 നാണ്. പൂർത്തീകരണം വൈകിയതിന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല. ചുവടെ കാണും പ്രകാരം 2416 രൂപ പിഴ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

| | |
|---|---|
| ആകെ മൂല്യ നിർണ്ണയം | 149985 |

| | |
|---|---|
| പൂർത്തീകരണ കാലാവധി | 31.12.2014 |
| പ്രവൃത്തി പൂർത്തീകരിച്ചത് | 30.4.2015 |
| കരാർ തുക | 146879.00 |
| പിഴ<br>1.1.2015--31.3.2015 ( 1%)- 1469<br>1.4.2015_21.4.2015 (2%)- 947 | 2416 |

വിശദീകരണം ആവശ്യപ്പെട്ട് 6/19.10.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 ഗവ: ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -അപാകതകൾ

നിർ വ്വഹണം:മെഡിക്കൽ ഓഫീസർ ( ഗവ: ആയുർവേദ ആശുപത്രി )

പ്രോജക്ട്-ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (S005/15-16)

ചെലവഴിച്ച തുക: 1) 100000 ( ബിൽ നമ്പർ 1/15-16/28-6-15)

2) 50,000 (ബിൽ നമ്പർ 2/15-16/29-6-15)

3) 300000 (ബിൽ നമ്പർ 4/15-16/15-8-15)

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2015-16 വർഷത്തിൽ 4.50,000 രൂപ ചെലവഴിച്ച് ഔഷധി തൃശ്ശൂരിൽ നിന്നും മരുന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.എം.എസ്362/2013 ത.സ്വ.ഭ.വ തിയതി16-11-13- എന്ന ഉത്തരവ് പ്രകാരം വകുപ്പ് മുഖേന മരുന്ന് വിതരണം ചെയ്യുന്നതിനാൽ ,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് തന്നെ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ആരോഗ്യ വകുപ്പിൽനിന്ന് മരുന്നുകൾ ലഭ്യമല്ല എന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്ന നിർദേശം പാലിച്ചിട്ടില്ല.
2. സർക്കുലർ നമ്പർ 13160/ഡി-എ-1/2010 തിയതി 28-11-2010 പ്രകാരം ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ 60 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നും അല്ലാത്ത പക്ഷം ഔഷധി നഷ്ട പരിഹാരം നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്.ഗ്രാമ പഞ്ചായത്ത് ഇപ്രകാരം കരാർ വെച്ചിട്ടുണ്ടെങ്കിലും 17-9-15 ന് നൽകിയ 300000 രൂപക്കുള്ള മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമായത് രണ്ട് മാസത്തിനു ശേഷം 12-12-15,19-1-16,26-2-16,1-4-16 എന്നീ തിയതികളിലാണ്. കരാർ വ്യവസ്ഥ പ്രകാരമുള്ള നഷ്ട പരിഹാരം ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

ഈവിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/18-10-16 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-5 പരിരക്ഷ – മാർഗ്ഗരേഖ പാലിക്കാതെ ചെലവ് ചെയ്യുന്നു

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S017/16'പരിരക്ഷ ഹോം കെയർ പദ്ധതിയിൽ' പാലിച്ചിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി. പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

2) അത് പോലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3) 23-08-12 -ലെ സ.ഉ (എം.എസ് )228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നവമ്പർ 2015 മുതൽ മാർച്ച് 2016 വരെ 5 മാസത്തേക്ക് 200/- രൂപ വീതം ആകെ 1000- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്.( -തനത് ഫണ്ട്-DD No-548460/31-12-15,548998/19-2-16,549350/17-3-16,549730/28-3-16)

4)- ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180/- രൂപയേ ചെലവഴിക്കാൻ അനുമതിയുള്ളൂ. എന്നാൽ താഴെ പറയും വിധം11,540 രൂപ അധികം നൽകിയിട്ടുണ്ട്.

| തീയതി | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ചത് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 31-10-15 | 400 | 220 | 12/15-16 /28-1-16 |
| 04-11-15 | 400 | 220 | -ടി- |
| 09-11-15 | 600 | 420 | -ടി- |
| 12-11-15 | 400 | 220 | -ടി- |
| 17-11-15 | 400 | 220 | -ടി- |
| 18-11-12 | 400 | 220 | -ടി- |
| 19-11-15 | 400 | 220 | -ടി- |
| 24-11-15 | 400 | 220 | -ടി- |
| 26-11-15 | 400 | 220 | -ടി- |
| 01-12-15 | 400 | 220 | -ടി- |
| 03-12-15 | 400 | 220 | -ടി- |
| 08-12-15 | 400 | 220 | -ടി- |
| 10-12-15 | 400 | 220 | -ടി- |
| 11-12-15 | 600 | 420 | -ടി- |
| 15-12-15 | 400 | 220 | -ടി- |
| 17-12-15 | 400 | 220 | -ടി- |
| 19-12-15 | 400 | 220 | -ടി- |
| 26-12-15 | 400 | 220 | -ടി- |
| 07-01-16 | 400 | 220 | 21/15-16 /31-3-16 |
| 11-01-16 | 600 | 420 | -ടി- |

| | | | |
|---|---|---|---|
| 12-01-16 | 400 | 220 | -ടി- |
| 14-01-16 | 400 | 220 | -ടി- |
| 20-01-16 | 400 | 220 | -ടി- |
| 21-01-16 | 400 | 220 | -ടി- |
| 28-01-16 | 400 | 220 | -ടി- |
| 2-02-16 | 400 | 220 | -ടി- |
| 04-02-16 | 400 | 220 | -ടി- |
| 09-02-16 | 400 | 220 | -ടി- |
| 11-02--16 | 400 | 220 | -ടി- |
| 13-02--16 | 400 | 220 | -ടി- |
| 16-02--16 | 400 | 220 | -ടി- |
| 18-02--16 | 400 | 220 | -ടി- |
| 21-02--16 | 400 | 220 | -ടി- |
| 27-02--16 | 600 | 420 | -ടി- |
| 29-02-16 | 400 | 220 | -ടി- |
| 01-03-16 | 400 | 220 | -ടി- |
| 03-03-16 | 400 | 220 | -ടി- |
| 09-03-16 | 400 | 220 | -ടി- |
| 10-03-16 | 600 | 420 | -ടി- |
| 11-03-16 | 400 | 220 | -ടി- |
| 14-03-16 | 400 | 220 | -ടി- |
| 15-03-16 | 400 | 220 | -ടി- |
| 17-03-16 | 400 | 220 | -ടി- |
| 19-03-16 | 400 | 220 | -ടി- |
| 21-03-16 | 400 | 220 | -ടി- |
| 22-03-16 | 400 | 220 | -ടി- |
| 23-03-16 | 600 | 420 | -ടി- |
| ആകെ | | 11,540 | |

5)- പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. ഈ നിബന്ധന പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ ഭക്ഷണ ഇനത്തിൽ അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

1)ടെണ്ടർ ക്ഷണിക്കാതെ സിഡ്കോ മുഖാന്തിരം കംപ്യൂട്ടർ വാങ്ങി

നിർവ്വഹണം- മെഡിക്കൽ ഓഫീസർ(PHC)

ചെലവഴിച്ച തുക;105000

ബിൽ നമ്പർ-4/15-16/14-9-15

പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് കംപ്യൂട്ടർ വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം. SO024/16 പ്രകാരം 2015-16 വർഷം എടയൂർ ഗ്രാമ പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് 3 കമ്പ്യൂട്ടർ(26500*3=79500), 1പ്രിന്റർ(1*7450=7450) ,3 UPS (3*2450=7350) 3 കമ്പ്യൂട്ടർ ടേബിൾ (3*1750) (VAT-6175 + Discount-725) എന്നിവ SIDCO മഞ്ചേരിയിൽ നിന്നും വാങ്ങിയിരിക്കുന്നു.

മേൽ പറഞ്ഞ പർച്ചേസിംഗിനായി ടെണ്ടർ ക്ഷണിച്ചതായി കാണുന്നില്ല. പകരം സിഡ്കോയിൽ നിന്നും (കേരളാ സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, മാർക്കറ്റിങ് ഡിവിഷൻ, കടവന്ത്ര പി.ഓ., കൊച്ചി) ആണ് പ്രസ്തുത പർച്ചേസിംഗ് നടത്തിയിരിക്കുന്നത്.

സിഡ്കോയ്ക്ക് കീഴിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉത്പാദിപ്പിച്ച ഫർണീച്ചറുകൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടറുകർ, അവയുടെ അനുബന്ധ ഉപകരണങ്ങൾ എന്നിവ സിഡ്കോയിൽ നിന്നും ടെണ്ടറില്ലാതെ വാങ്ങുവാൻ സർക്കാർ അനുമതിയില്ല.

ഫയലിനോടൊപ്പം ഹാജരാക്കിയ സർക്കാർ ഉത്തരവ് (പി) നം.327/2015/ധന തിയതി-4-8-15 പ്രകാരം എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് SIDCOയിൽ നിന്നും കമ്പ്യൂട്ടറുകർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുവാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും ആര്യോഗ്യ കേന്ദ്രങ്ങൾക്ക് ഇപ്രകാരം സിഡ്കോയിൽ നിന്നും ടെണ്ടറില്ലാതെ വാങ്ങുവാൻ സർക്കാർ അനുമതിയില്ല. ചെലവ്യ തുക 1,05,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/18-10-16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല .

2) മരുന്ന് ലഭ്യമാക്കിയില്ല

2015 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം KMSCL ന് തുക കൈമാറിയിട്ടുണ്ടെങ്കിലും കൈമാറിയ തുകക്കുള്ള മരുന്ന് മുഴുവൻ ലഭ്യമാക്കിയിട്ടില്ല വിശദ വിവരം ചുവടെ

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | മരുന്ന് ലഭ്യമാക്കിയത് | ഇനിയും ലഭിക്കാനുള്ളത് |
| --- | --- | --- | --- | --- |

| | | | | |
|---|---|---|---|---|
| പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ (No.S0020/16) | 300000 | 15/15-16 /16-3-16 | 72531 | 227469 |
| പാലിയേറ്റീവ് കെയർ(No.S0017/2016) | 171000 | 16/15-16 /16-3-16 | 77127 | 93873 |
| ആകെ | | | | 321342 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/18-10-16 ന് മറുപടി ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 പദ്ധതി നിർവ്വഹണം-അവലോകനം

1.പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് തുക വകയിരുത്തിയില്ല.

എടയൂർ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയിൽ 10% എസ്.സി വിഭാഗത്തിൽപ്പെട്ടവരാണ്.ഇപ്പോഴും ധാരാളം ഭവനരഹിതർ ഉണ്ടെന്ന് പദ്ധതി രേഖയിൽ നിന്നും വ്യക്തമാകുന്നു. 2015-16 വർഷത്തിൽ പട്ടികജാതി വിഭാഗത്തിനായി 5840623 രൂപ വകയിരുത്തുകയും ആയതിൽ 3511390 രൂപചെലവഴിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും (ആകെ 23 പ്രൊജക്ടുകൾ) ആയതിൽ ഭവന നിർമ്മാണത്തിനായി ഐ.എ.വൈ അധിക ധനസഹായം ഒഴികെ ഒരു പദ്ധതിപോലും നടപ്പിലാക്കിയിട്ടില്ല.സമ്പൂർണ്ണ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ ലക്ഷ്യമിട്ടെങ്കിലും ഒരുപദ്ധതി പോലും നടപ്പിലാക്കിയില്ലെന്നത് ശ്രദ്ധേയമാണ്. പദ്ധതി രേഖയിൽ അനുശാസിക്കുംവിധം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

2.പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചില്ല.

2015-16 ലെ പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ളാൻ ഫണ്ട് ജനറൽ | 12819908 | 11997611 | 93.5 |
| 2 | പ്ളാൻ ഫണ്ട് SCP | 58406623 | 3511390 | 60.1 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 6654056 | 5140882 | 77.2 |
| 4 | ലോക ബാങ്ക് ധനസഹായം | 3435502 | 1762082 | 51.2 |

| | | | | |
|---|---|---|---|---|
| 5 | പ്ളാൻ ഫണ്ട് TSP | 5000 | 5000 | 100 |
| 6 | കേന്ദ്ര ധനസഹായം | 2505000 | 91413 | 3.64 |
| 7 | മെയിന്റനൻസ് ഗ്രാന്റ് NR | 5206086 | 2715014 | 52.15 |
| 8 | മെയിന്റനൻസ് ഗ്രാന്റ് R | 5024249 | 3661413 | 72.87 |
| 9 | തനത് ഫണ്ട് | 11956458 | 6972067 | 58.3 |
| 10 | ബ്ലോക്ക് വിഹിതം | - | - | - |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 60000 | - | 0 |
| 12 | മറ്റുള്ളവ | 4359230 | 3488 | .08 |
| 13 | സംസ്ഥാനാവിഷ്കൃതം | 1685394 | - | - |

ആകെ 60 % തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.ലഭ്യമായ ഫണ്ടുകൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്.

## 3-8 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം പാലിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി 1:4:8 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് ആയതിന് മുകളിൽ വിയറിങ് കോട്ട് എന്ന നിലയിൽ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് എന്നിവ ചെയ്തിട്ടുള്ളത് 10cm വീതം കനത്തിലാണ്. എന്നാൽ LSGD ചീഫ് എഞ്ചിനീയറുടെ 18.9.2015 ലെ ഡി.ബി 4-9099/2015/CE/ത.സ്വ.ഭ.വ നമ്പർ കത്തിൽ (കോഴിക്കോട് കോർപറേഷന് നൽകിയത്) റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് ചെയ്യുന്നത് 5cm മുതൽ 7.5cm വരെ കനത്തിൽ മതിയാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അധികരിച്ച കനത്തിൽ മേൽ പ്രവൃത്തി ചെയ്യുന്നുണ്ടെങ്കിൽ ആയത് ആവശ്യമായ എഞ്ചിനീയറിങ് ഡിസൈൻ പ്രകാരം സാധൂകരിക്കേണ്ടതാണ് എന്ന് കൂടി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മിക്ക പ്രവൃത്തികളിലും 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് 5cm മുതൽ 7.5cm വരെ കനത്തിൽ തന്നെയാണ് ചെയ്തിട്ടുള്ളത് എങ്കിലും ചില പ്രവൃത്തികളിൽമാത്രം അപ്രകാരമുള്ള യാതൊരു രേഖകളുടെയും പിൻബലമില്ലാതെ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് 10cm കനത്തിൽ ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തതിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

പ്രവൃത്തി അധിക അളവിൽ ചെയ്തതിനാൽ ഗ്രാമ പഞ്ചായത്തിനുണ്ടായ അധിക ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | അനുവദിച്ച തുക | 0.75cm കനത്തിൽ പ്രവൃത്തി | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | @6534.45 | ചെയ്തിരുന്നെങ്കിൽ ചെലവ് | |
| ആലിക്കുട്ടിപടി പഴംകുഴി റോഡ് കോൺക്രീറ്റ് 53/16 | $32.14m^3$ | 210017.22 | 157513 | 52504 |
| ടെലഫോൺ എക്സ്ചേഞ്ച് റോഡ് 106/16 | $16.795m^3$ | 109746.09 | 82310 | 27436 |
| വെങ്ങാട് റോഡ് 57/16 | $18.333m^3$ | 137766 @7514.65 | 103325 | 34441 |
| | | | ആകെ | 114381 |

വിശദീകരണം ആവശ്യപ്പെട്ട് 6/19.10.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-9 ബഡ്സ് സ്കൂളിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമായ വാഹനം ഉപയോഗിക്കുന്നില്ല. വാഹന വാടക ഇനത്തിൽ 58800രൂപയുടെ അനാവശ്യ ചെലവ്.

ബിൽ. 5/19.1.16 തുക. 22200

ബിൽ. 6/22.3.16 തുക. 18000

ബിൽ. 11/30.3.16 തുക. 18600

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രതീക്ഷ പദ്ധതി (14/16) പ്രകാരം ബഡ്സ് സ്കൂൾ വിദ്യാർത്ഥികളെ കൊണ്ട് വരുന്നതിനായി 58800രൂപ വാഹന വാടക ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്കായി മലപ്പുറം ജില്ലാ പഞ്ചായത്തിൽ നിന്ന് 2015-16 വർഷത്തിൽ ഒരു മാരുതി ഓംനി വാൻ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഈ വാഹനം പ്രസ്തുത ആവശ്യത്തിന് വേണ്ടി ഉപയോഗിക്കാതെ ഗ്രാമ പഞ്ചായത്തിലെ ഷെഡിൽ സൂക്ഷിച്ചിരിക്കുകയാണ്.

വിശദീകരണം ആവശ്യപ്പെട്ട് 5/19.10.16നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -ജില്ലാ പഞ്ചായത്ത് നൽകിയ വാഹനത്തിന്റെ രജിസ്ട്രേഷൻ വൈകിയതിനാലും, വാഹനത്തിന് ഡ്രൈവറെ നിയമിക്കാത്തതിനാലുമാണ് പ്രസ്തുത വാഹനം ഉപയോഗിക്കാൻ കഴിയാതിരുന്നത് എന്നും, 2016-17 വർഷത്തിൽ ജില്ലാ പഞ്ചായത്ത് വാഹനം ഉപയോഗിച്ച് മാത്രമേ പ്രതീക്ഷ പദ്ധതി നടപ്പിലാക്കുകയുള്ളൂ എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്.

ബഡ്സ് സ്കൂൾ ആവശ്യത്തിന് പ്രത്യകമായി ലഭ്യമായ വാഹനം ഉണ്ടായിരിക്കെ ഇത്തരത്തിൽ പദ്ധതി രൂപീകരിച്ച് പണം ചെലവഴിച്ചത് ക്രമ വിരുദ്ധമാണ്. പദ്ധതി പണത്തിന്റെ അനാവശ്യ ചെലവ് ഒഴിവാക്കാനും, പ്രതീക്ഷ പദ്ധതിക്കായി ലഭിച്ച വാഹനം ഉപയോഗപ്പെടുത്താനും ഭരണ സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

1.പ്രതീക്ഷ പദ്ധതിയുടെ ഭാഗമായി രണ്ട് ഹെൽപർമാർക്ക് പ്രതിദിനം 200രൂപ നിരക്കിൽ ആകെ 39000 രൂപ വേതനമായി നൽകിയിട്ടുണ്ട്. എന്നാൽ ഈ ജീവനക്കാർക്ക് ഇത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പരിപാലിക്കുന്നതിന് ആവശ്യമായ യോഗ്യതകൾ ഇല്ലാത്തവരാണ്.

2.പ്രൊജക്ട് പ്രകാരം സ്പീച്ച് തെറാപിസ്റ്റ് , ഫിസിയോ തെറാപിസ്റ്റ് എന്നിവർക്ക് വേതനം നൽകാൻ 20000രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ പണമൊന്നും ചെലവഴിച്ചിട്ടില്ല.

3. പ്രൊജക്ട് പ്രകാരം വീൽചെയർ, തെറാപ്പി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 40000രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ പണമൊന്നും ചെലവഴിച്ചിട്ടില്ല.

കുട്ടികളെ വാഹനത്തിൽ കൊണ്ട് വന്ന് ക്ലാസിലിരുത്തി എന്നതിനപ്പുറം ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള ഈ പദ്ധതി ഉദ്ധേശ ലക്ഷ്യത്തിനനുസരിച്ച് ഫലപ്രദമാക്കുന്നതിനുള്ള യാതൊരു നടപടിയും തന്നെ നടപ്പിലാക്കിയിട്ടില്ല. മതിയായ യോഗ്യത ഇല്ലാത്ത ജീവനക്കാരെ വെച്ചുള്ള ഈ പദ്ധതിയുടെ ചെലവ് പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-10 ഭവന നിർമ്മാണം; 190000 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയതില്ല

പ്രൊജക്ട്: ഭവന നിർമ്മാണം ജനറൽ (S169/16)

തുക : 100000 (പ്ലാൻ ), 170000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്), 900000 (തനത്ഫണ്ട്)

ബിൽ : 2/29.6.2015 തുക. 100000, ബിൽ : 3/29.6.2015 തുക. 170000,

ചെക്ക് 3655101/15.12.15 തുക .320000, ചെക്ക് 23786/1.7.15 തുക .190000

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന നിർമ്മാണം പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും പിൻവലിച്ച 190000 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് നൽകാനായി പിൻവലിക്കുന്ന തുകകൾ VEOയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വളാഞ്ചേരി -യിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽനിന്ന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്. ഈ അക്കൗണ്ടിൽ പ്രസ്തുത തുക വരവ് വന്നതായി കാണുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് 16/24.10.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -ഗ്രാമ പഞ്ചായത്തിൽ നിന്ന് ട്രഷറി ചെക്കായി ലഭ്യമായ തുക VEOയുടെ അക്കൗണ്ടിലിടാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് ഡിമാന്റ് ഡ്രാഫ്റ്റ് ആയി നൽകുകയാണുണ്ടായത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്ററിൽ ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ രേഖപ്പെടുത്താതെ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡിമാന്റ് ഡ്രാഫ്റ്റ് പകർപ്പ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുമില്ല.

190000 രൂപ വിതരണം ചെയ്തതിന്റെ രേഖകളും വിശദാംശങ്ങളും ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-11 ഭവന നിർമ്മാണം പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം കൈപറ്റിയ ചുവടെ കാണിച്ച ഗുണഭോക്താക്കൾ ഓഡിറ്റ് തീയ്യതി വരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 2014-15 ൽ ആരംഭിച്ച ഈ പദ്ധതി രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ 1060000 രൂപ മുടങ്ങിക്കിടക്കുന്ന അവസ്ഥയിലാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട്. ഭവന നിർമ്മാണം ജനറൽ (S169/16)

ആകെ ഗുണഭോക്താക്കൾ 25. തുക 100000 വീതം

| പേര് | കൈപറ്റിയ തുക |
|---|---|
| ഫിറോസ്ഖാൻ മഞ്ഞക്കൽ | 90000 |
| സുലൈഖ പട്ടമാർതൊടി | 90000 |
| ഷൈനി.ടി | 90000 |

| | |
|---|---|
| ഉഷാദേവി ചോപ്പാത്ത് | 90000 |
| മുജീബ് റഹ്മാൻ .വി.പി | 90000 |
| പുഷ്പ.സി | 50000 |
| വാസുദേവൻ.ടി | 90000 |
| ഉനൈസ കെ.പി | 70000 |
| സത്യകുമാർ.പി | 90000 |
| റഷീദ് ചേനാടൻ | 70000 |
| റഹ്മത്ത് വട്ടപ്പറമ്പിൽ | 30000 |
| ആകെ | 850000 |

II.

പ്രൊജക്റ്റ്. ഭവന നിർമ്മാണം വനിത (S170/16)

ആകെ ഗുണഭോക്താക്കൾ 6. തുക 100000 വീതം

| പേര് | കൈപറ്റിയ തുക |
|---|---|
| ജമീല. വി | 90000 |
| ബുഷ്റ ചോർണ്ണിയിൽ | 90000 |
| ആയിഷ ചാരത്ത് | 30000 |
| ആകെ | 210000 |

ഓഡിറ്റ് എൻക്വയറി നൽകിയതിന് - ക്രമ നമ്പർ 1പ്രകാരമുള്ള പദ്ധതിയിൽ 3 പേരും, ക്രമ നമ്പർ 2 പ്രകാരമുള്ള പദ്ധതിയിൽ ഓരാളും ഒഴികെ എല്ലാവരും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് എന്നും അവർക്ക് ഈ വർഷം സ്പിൽ ഓവർ പദ്ധതിയിൽ നിന്ന് തുക നൽകുന്നതാണെന്നും ബാക്കിയുള്ളവരുടെ വീട് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 നിർവ്വഹണ ഉദ്യോഗസ്ഥൻ ഫണ്ടുകൾ വക മാറ്റി ചെലവഴിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ വിവിധ പദ്ധതികൾക്കായി ട്രഷറിയിൽ നിന്ന് പിൻവലിക്കുന്നതും, തനത്ഫണ്ടിൽ നിന്ന് ലഭിക്കുന്നതുമായ തുകകൾ വകമാറ്റി ചെലവഴിക്കുന്നതായി രേഖകൾ പരിശോധിച്ചതിൽനിന്ന് വ്യക്തമായി. ബന്ധപ്പെട്ട ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്ത് വരാത്തതിനാൽ എന്ന കാരണം രേഖപ്പെടുത്തിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഇത്തരത്തിൽ ഫണ്ട് വകമാറ്റുന്നത്.

ഗുണഭോക്താക്കൾക്കുള്ള ധനസഹായം അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് പകരം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ- ന്റെ വളാഞ്ചേരി ശാഖയിൽ VEOയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽനിന്ന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്. ഈ തെറ്റായ നടപടിക്രമമാണ് വി.ഇ.ഒ ക്ക് ഇത്തരത്തിൽ ഫണ്ട് വകമാറ്റുന്നതിന് സഹായകരമാവുന്നത്. ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ സൂക്ഷിക്കുന്നതിലും ഇത് കാരണം തെറ്റ് സംഭവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അറിവോടെയല്ലാതെയുള്ള ഇത്തരം നടപടികൾ ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർനടപടികൾക്കായി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് / ബിൽ നമ്പർ<br>തുക | പ്രൊജക്ട് | വകമാറ്റിയ തുക | പ്രൊജക്ട് |
|---|---|---|---|
| 3655101/15.12.15<br>തുക 320000 | ഭവന നിർമ്മാണം (169/16) സ്പിൽ ഓവർ | 40000 | ഭവന നിർമ്മാണം. വനിത (37/16) |
| 4111685/11.3.2016<br>തുക 160000 | ഭവന നിർമ്മാണം (ജനറൽ) S197/16 | 160000 | ,, |
| ബിൽ. 9/26.3.2016<br>170000<br>ചെക്ക് 4111686/11.3.2016<br>തുക10000 | ഭവന പുനരുദ്ധാരണം (S38/16) | 60000 | ഭവന നിർമ്മാണം (169/16) സ്പിൽ ഓവർ |
| തുക 25000 | കിണർ റിപ്പയർ (S40/16) | 20000 | ഭവന പുനരുദ്ധാരണം (S38/16) |

## 3-13 അസിസ്റ്റന്റ് എഞ്ചിനീയർ. പദ്ധതി നിർവ്വഹണം ഒരു വിശകലനം

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 117 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 86 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികളിൽ 30% ശതമാനവും നടപ്പിലാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 48.28% അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 55.62% ചെലവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെതാണ്.

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതിനാൽ പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, ചെയ്ത പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്. മാത്രമല്ല മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്തതിനാൽ പഞ്ചായത്തിന്റെ പദ്ധതി പണം ലാപ്സാവുന്നതിനും ഇത് ഇടയാക്കുന്നു. ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ

നിന്ന് പിന്നോട്ട് നിൽകുന്നതിനും കാരണമാകുന്നതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | | അസിസ്റ്റന്റ് എഞ്ചിനീയർ | | ശതമാനം |
|---|---|---|---|---|
| ആകെ അടങ്കൽ | 59551500 | ആകെ അടങ്കൽ | 28750300 | 48.28% |
| ചെലവ് | 35860360 | ചെലവ് | 19945379 | 55.62% |
| ശതമാനം | 55 | ശതമാനം | 69.37% | |

## 3-14 തൊഴുത്ത് നിർമ്മാണം . പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ബിൽ. 1/27.2.2016. തുക. 137500

ചെക്ക്. 3655115 തുക. 12500

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തൊഴുത്ത് നിർമ്മാണം എന്ന പദ്ധതി നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പമുള്ള എസ്റ്റിമേറ്റ് പ്രകാരം തൊഴുത്തിന്റെ മേൽക്കൂര സ്റ്റീൽ ഫ്രെയിം, പൗഡർകോട്ടഡ് ട്രഫോൾഡ് ഷീറ്റ് എന്നിവ ഉപയോഗിച്ചാണ് നിർമ്മിക്കേണ്ടത്. എന്നാൽ ആകെ 15 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിൽ രണ്ട് ഗുണഭോക്താക്കൾ മാത്രമാണ് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തിയിട്ടുള്ളത്. ഭൂരിഭാഗം ഗുണഭോക്താക്കളും പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ചാണ് മേൽക്കൂര നിർമ്മിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിന് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചിട്ടും ആയത് മൂല്യ നിർണ്ണയം നടത്തി ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ചെലവ് തുക 130000രൂപ തടസ്സം ചെയ്യുന്നു.

2. പദ്ധതി പ്രകാരം ധനസഹായം കൈപറ്റിയ 4ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്നതിനുള്ള രേഖകൾ ബന്ധപ്പെട്ട ഫയലുകളോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല. കൂടാതെ ചില ഗുണഭോക്താക്കളുടെ തൊഴുത്ത് പുതിയതായി നിർമ്മിച്ചവയല്ല എന്ന് തൊഴുത്തിന്റെ ഫോട്ടോയിൽ നിന്ന് വ്യക്തമാവുന്നു. വരുമാനം തെളിയിക്കുന്നതിനുള്ള രേഖകളില്ലാതെയും,പഴയ തൊഴുത്തിനും ധനസഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | മേൽക്കൂര നിർമ്മിച്ചത് | മറ്റ് അപാകതകൾ |
|---|---|---|
| ശരീഫ. സി | ഓല, പ്ലാസ്റ്റിക് ഷീറ്റ് | |
| പ്രജീഷ വലിയപുരക്കൽ | ,, | |
| സാബിറ പാണ്ടിയത്ത് | മരം,തകര ഷീറ്റ് | |
| ജമീല ചോർണ്ണിയിൽ | മരം,ഓല, പ്ലാസ്റ്റിക് ഷീറ്റ് | |
| രാജഗോപാലൻ മൂത്തേടത്ത് | മരം,ഓട് | |
| സൈതലവി തയ്യിൽ | മരം,ഓല | |
| അഹമ്മദ്കുട്ടി പുലാക്കാവിൽ | കോൺക്രീറ്റ്.മേൽക്കൂരയിൽ പുല്ല് മുളച്ചിരിക്കുന്നു. പഴയതാണെന്ന് വ്യക്തം | വരുമാന സർട്ടിഫിക്കറ്റ് ഇല്ല. |
| മരക്കാർ പന്തപ്പുലാക്കൽ | മരം, ഓട് | ,, |

| | | |
|---|---|---|
| സുബ്രഹ്മണ്യൻ ഒടേങ്ങാട്ടിൽ | ഓല | „ |
| മൊയ്തീൻകുട്ടി പാലാറ | മരം,ഓല,പ്ലാസ്റ്റിക് ഷീറ്റ് | „ |
| ഫാത്തിമക്കുട്ടി വാതുക്കാട്ടിൽ | മരം,പ്ലാസ്റ്റിക് ഷീറ്റ് ( പഴയത് ) | |
| അബ്ദുറഹ്മാൻ വേളൂർ | മരം, ഷീറ്റ്പ്ലാസ്റ്റിക് | |
| മുഹമ്മദ് കുന്നനകത്ത് | മരം,പ്ലാസ്റ്റിക് ഷീറ്റ് | |

14/21.10.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2. നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

### 4-4. വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവന പദ്ധതി ലോൺ | 953/2010 /ത.സ്വ.ഭ.വ/തി. 19.3.10 | 4129000 | 1364415 | 490000 | 304885 | 874415 |

4900000 രൂപ ലോൺ പാസായിട്ടുണ്ടെങ്കിലും 4129000 രൂപയാണ് നാളിതുവരെയായി എടുത്തിട്ടുള്ളത്.മുൻ റിപ്പോർട്ടിൽ മുൻബാക്കിയായിട്ടുള്ളത് 578915 രൂപയാണ്.എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ,ലോൺ രജിസ്റ്റർ എന്നിവ പ്രകാരം മുൻബാക്കി 1364415 യാണ്.ബാങ്ക് സ്റേറ്റ്മെന്റ് പ്രകാരം അടവാക്കാൻ അവശേഷിക്കുന്ന തുക 874415 രൂപയാണ്.എന്നാൽ രജിസ്റ്റർ പ്രകാരം 868415 രൂപയാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1997-98<br>36,37 | 2003-04<br>30 | | |
| 1998-99<br>44,46 | 2003-04<br>30 | | |
| 1999-00<br>39,49,50 | 2003-04<br>30 | | |
| 2000-01<br>28,30 | 2003-04<br>30 | | |
| 2001-02<br>3(2),3(7) | 2004-05<br>3(7) | | |
| 2006-07<br>3(4) | 2009-10<br>3(4) | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34049378 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44781676 |
| വരവിനങ്ങളിലുള്ള നഷ്ടം | 4344 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4416 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1124985 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 3344 | | ശ്രീ.രവീന്ദ്രൻ കെ.സെക്രട്ടറി |
| 2-3 | 1000 | | ശ്രീ.രവീന്ദ്രൻ കെ.സെക്രട്ടറി |
| 3-1 | | 2000 | ശ്രീ.രവീന്ദ്രൻ കെ.സെക്രട്ടറി |
| 3-3 | | 2416 | ശ്രീ.MK.ഗോപാലൻ .അസി.എഞ്ചിനീയർ |
| ആകെ | 4344 | 4416 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100000 | ശ്രീ.രവീന്ദ്രൻ കെ.സെക്രട്ടറി |
| 3.3 | 149985 | ശ്രീ.എം.കെ.ഗോപാലൻ, എ.ഇ |
| 3-4 | 450000 | അസൈനാർ,മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-6 | 105000 | ഡോ.ശ്രീകുമാരൻ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-10 | 190000 | തങ്കരാജ്,വി.ഇ.ഒ |
| 3-14 | 130000 | മിഥുൻ വെറ്റിനറി സർജൻ |
| ആകെ | 1124985 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| രവീന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി<br>എടയൂർ ഗ്രാമപഞ്ചായത്ത് | കല്ലും കുഴിയിൽവലമ്പൂർ പി.ഒ<br>മലപ്പുറം |
| MK.ഗോപാലൻ<br>.അസി.എഞ്ചിനീയർ | ലഭ്യമല്ല | മനക്കപ്പറമ്പിൽ വീട്,വെള്ളാങ്ങല്ലൂർ പി.ഒ<br>തൃശ്ശൂർ |
| ഡോ.ശ്രീകുമാരൻ<br>മെഡിക്കൽ ഓഫീസർ (PHC) | ലഭ്യമല്ല | മഠത്തിൽ വീട്തിരുവേഗപ്പുറ<br>പാലക്കാട് ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | LFM11/1155/01 dt. 01.12.2010 | 2 | |
| 1998-99 | LFM11/1422/01 dt. 01.12.2000 | 12 | |
| 1999-00 | LFM11/1421/01 dt. 01.12.2000 | 11 | |
| 2000-01 | LFM11/435/03 dt. 01.12.2010 | 02 | |
| 2001-02 | LFM12/1269/04 dt. 01.12.2010 | 14 | |
| 2002-03 | LFM12/1865/04 dt. 01.12.2010 | 11 | |
| 2003-04 | LFM13/177/493/10 dt. 21.01.2012 | 19 | |
| 2004-05 | LFM11/177/494/10 dt. 22.05.2012 | 16 | |
| 2005-06 | LFM09/1153/09 dt. 22.05.2012 | 07 | |
| 2006-07 | LFM09/932/09 dt. 17.02.2010 | 04 | |
| 2007-08 | LFM09/1154/09 dt. 19.02.2010 | 10 | |
| 2008-09 to 10-11 | LFM13/1933/12 dt. 23.08.2012 | 13 | |
| 20011-12to12-13 | KSA/MPM/13/3095/ dt. 1.2.16 | - | |

| | | | |
|---|---|---|---|
| 2013-14<br>to14-15 | KSA/MPM/13/2098/ dt. 8.8.16 | 25 | |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.

## Annexure-1

## ഓഡിറ്റ് സാക്ഷ്യപത്രം 2015-16

കെ എസ് എ എം പി എം13/3022/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറ
പിൻ- 676 505
ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 24.10.2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## AUDIT CERTIFICATE 2015-16

No. KSA/MPM/ 13/3022/2016

Kerala State Audit Department
District Audit office ,Malappuram
Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 24.10.2016

Certified that I have audited the Annual Financial Statement of Edayur Grama panchayath in Malappuram District of the year ended on **31.3.2016** in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Edayur Grama panchayath for the year **2015-16** except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Malappuram

MAC